# പ്രധാനമന്ത്രി ഭൂട്ടാനിലെത്തി

മാർച്ച് 22, 2024

പ്രധാനമന്ത്രി നരേന്ദ്ര മോദി 2024 മാർച്ച് 22-23 തീയതികളിലെ ഔദ്യോഗിക ഭൂട്ടാൻ സന്ദർശനത്തിനായി ഇന്ന് പറോയിൽ എത്തി. ഇന്ത്യയും ഭൂട്ടാനും തമ്മിൽ പരമ്പരാഗതമായുള്ള പതിവ് ഉന്നത തല കൂടിക്കാഴ്ചകൾക്കും സർക്കാരിന്റെ അയൽക്കാർ ആദ്യം എന്ന നയത്തിന്റെ ഭാഗവുമായാണ് സന്ദർശനം.

2. പറോ വിമാനത്താവളത്തിൽ പ്രധാനമന്ത്രിയെ ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് തോബ്ഗെ സ്വീകരിക്കുകയും ആചാരപരമായ വരവേൽപ്പ് നൽകുകയും ചെയ്തു.

3. സന്ദർശന വേളയിൽ പ്രധാനമന്ത്രി ഭൂട്ടാൻ രാജാവ് ജിഗ്മെ ഖെസാർ നംഗയെൽ വാങ്ചുക്കുമായും ഭൂട്ടാനിലെ നാലാമത്തെ രാജാവ് ജിഗ്മെ സിങ്യെ വാങ്ചുക്കുമായും കൂടിക്കാഴ്ച നടത്തും. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് തോബ്ഗെയുമായും പ്രധാനമന്ത്രി സംഭാഷണം നടത്തുന്നുണ്ട്.

4. തിംഫുവിൽ ഭാരത സർക്കാരിന്റെ സഹായത്തോടെ നിർമ്മിച്ച അത്യാധുനിക ആശുപത്രിയായ ഗ്യാൽറ്റ്സ്യൂൻ ജെറ്റ്സുൻ പെമ മദർ ആൻഡ് ചൈൽഡ് ഹോസ്പിറ്റലിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും.

**തിംഫു**
**മാർച്ച് 22, 2024**